# അക്ഷരദീപം




## DIGITAL MAGAZINE

## GHS CHALIYAPPURAM


G.H.S CHALIYAPRAM EDAVANNAPPARA

# ആമുഖം

അനുഭവങ്ങളുടെ പകർപ്പാണ് ഓരോ എഴുത്ത് കുത്തുകളും.... കാഴ്ച്ചവട്ടങ്ങൾ സമ്മാനിക്കുന്ന പലതും ആ എഴുത്തിടങ്ങൾക്ക് സൗന്ദര്യം പകരുന്നു.. ദു:ഖവും ആഹ്ലാദവും പ്രണയവുമെല്ലാം തൂലികത്തുമ്പിൽ വിരിയുമ്പോഴാണ് അതിനൊക്കെയും ജീവനുണ്ടെന്ന് മനസിലാകുന്നത് .... കുത്തിക്കുറിക്കുന്നതൊന്നും പാഴ്വാക്കാവില്ല... അതെല്ലാം കാലത്തിന്റെ ഗമനത്തിൽ ചരിത്രാംശങ്ങളാണ്... ഇന്നിന്റെ എഴുത്ത് നാളെയുടെ പാഠങ്ങളാണ്... വിദ്യാർത്ഥികൾ ഒരുക്കുന്ന ഈ അക്ഷരദീപവും നാളെക്കുള്ള ഒരു സൂക്ഷിപ്പാണ്... വർഷങ്ങൾക്കു ശേഷം വീണ്ടും ഇതിലെ താളുകൾ മറിച്ച് നോക്കുമ്പോൾ ഓരോ വരിയിലും കാണാം ഓരോ മുഖങ്ങൾ ... സർഗാത്മകതയുടെ വേരിൽ ഉയർത്തപ്പെട്ട ഈ അക്ഷരദീപം ഞങ്ങൾ നിങ്ങൾക്ക് സമർപ്പിക്കുന്നു.

റളിയ ദിൽന

എഡിറ്റർ

## സന്ദേശം



ചാലിയപ്പുറം ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികൾ തയ്യാറാക്കിയ "അക്ഷരദീപം" എന്ന ഡിജിറ്റൽ മാഗസിൻ വിജ്ഞാനപ്രദവും,വിദ്യാർത്ഥികളുടെ സർഗാത്മകമായ കഴിവുകളും സാങ്കേതിക മികവും പ്രകടമാക്കുന്നതുമാണ്.ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

സരിത എം.ബി

പ്രധാനാധ്യാപിക

ജി.എച്ച്.എസ് ചാലിയപ്പുറം

ചാലിയപ്പുറംഗവ:ഹൈസ്കൂളി
ലെ-ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
തയ്യാറാക്കിയ 'അക്ഷര ദീപം
'എന്ന ഡിജിറ്റൽ മാഗസിൻ



നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുകയാണ്.വിവര
സാങ്കേതികതയുടെ വളർച്ചയിൽ ഒപ്പമെത്താൻ
നമ്മുടെകുട്ടികളും തയ്യാറായിരിക്കുന്നു. 20
അംഗങ്ങൾ അടങ്ങിയ  ഈ സ്കൂളിലെ  ലിറ്റിൽ
കൈറ്റ്സ് ക്ലബ്ബിന്റെ  പ്രഥമ സംരഭത്തിന്
എല്ലാ പ്രോത്സാഹനവും നൽകുക -തെറ്റുകൾ
തിരുത്തുക -പോരായ്മകൾ ക്ഷമിക്കുക .
'അനന്തവിഹായസ്സിലേക്ക് ഉയർന്ന് പറക്കാൻ
ഈ കൊച്ചു പട്ടങ്ങൾക്ക് സാധിക്കട്ടെ.......'

Habeeb Nasrulla
kite master

വിവരസാങ്കേതിക വിദ്യയുടെ വിപ്ലവയുഗമാണിപ്പോൾ നടക്കുന്നത്. വിജ്ഞാനം ഇപ്പോൾ നമ്മുടെ വിരൽ തുമ്പിലിരുന്ന് വട്ടം കറങ്ങുന്നു. ഈ യുഗത്തിൽ ജീവിക്കുന്ന എല്ലാവരും മുൻതലമുറയേക്കാൾ



ഭാഗ്യവാൻമാരാണ്. സ്വന്തം അഭിപ്രായങ്ങളും ആശയങ്ങളും മറ്റു സകല സൃഷ്ടികളും ലോകത്തിനു മുൻപിൽ അവതരിപ്പിക്കുവാൻ ഓരോ വ്യക്തിക്കും ഇന്ന് നിഷ്പ്രയാസം സാധിക്കുന്നു. സത്യസന്ധവും ധാർമ്മികവുമായി നമുക്ക് പറയാനുള്ളത് ലോകത്തോട് പറയുമ്പോൾ ഒരു പുതുലോകം സൃഷ്ടി-ക്കപ്പെടുന്നു. അവിടെ ഒരു "ദീപ"മാവാനും ദീപങ്ങൾ കൊളുത്താനും നമ്മുടെ "അക്ഷര ദീപ"ത്തിനു കഴിയു-മാറാവണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

സുരേഷ് ബാബു.പി

SITC

ചാലിയപ്പുറം ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികൾ



തയ്യാറാക്കിയ"അക്ഷരദീപം" എന്ന ഡിജിറ്റൽ മാഗസിൻ വിജ്ഞാനപ്രദവും,വിദ്യാർത്ഥികളുടെ സർഗാത്മകമായ കഴിവുകളും സാങ്കേതിക മികവും പ്രകടമാകുന്നതുമാണ്. ഇതിന്റെ പിന്നിൽ അഹോരാത്രം പ്രവർത്തിച്ച എല്ലാ ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികൾക്കും സർവ്വ ഐശ്വര്യവും നേരുന്നു.

ഷമീമ.പി

കൈറ്റ്സ് മിസ്ട്രസ്

# ***Editorial board***


Chief Editor

Saritha .M.B(Head mistress)

Editorial Board

-Abdulla Parappurath

-Sreela .C

- Suresh Babu .P

- Habeeb Nasarulla .T.K

-Shameema .P.P

Student Editors

-Pranoy A.P

-Alan .S

-Raliya Dhilna E.T

-Shahna Mariyam P.T

-Nihala Parvin M

-Fathima Maleeha C.P

-jouhara thasneem N.P

# OUR LITTLE KITE TEAM



| content | Page no: |
|---|---|
| പഠനവഴി | 13 |
| ജലത്തിന്റെ വീടുകൾ | 14 |
| വിദ്യാഭ്യാസം,ബോധനം,ശീലം,സദാചാരം | 16 |
| FRIEND SHIP | 17 |
| ഹോളി | 18 |
| ഈദുൽ ഫിത്തർ | 19 |
| ക്രിസ്തുമസ് | 20 |
| ONAM | 21 |
| മാതൃസ്നേഹം | 22 |
| ഗുരു | 23 |
| ചാച്ചാജിയുടെ സ്മരണയിൽ | 24 |
| സഹോദരി | 25 |
| സ്വാതന്ത്ര്യം,ജനാധിപത്യം,രാഷ്ട്രീയം | 26 |
| അമൃത് | 27 |
| പ്രകൃതിയമ്മ | 28 |
| വായന,അറിവ്,അഭിപ്രായം | 29 |
| നൻമൊഴികൾ | 30 |
| 3 MONKEYS | 34 |

| | |
|---|---|
| നാടൻ കലകൾക്ക് നഷ്ടമാവുന്ന സാംസ്കാരിക തനിമ | 35 |
| നിർജീവമാകുന്ന മനുഷ്യൻ | 37 |
| നവ കേരളം പിറക്കുന്നു | 38 |
| CHILDREN'S DAY | 39 |
| മൂവന്തിയിലെ ചന്ദ്രൻ | 40 |
| സ്വപ്നം | 41 |
| വ്യക്തിശുചിത്വം ആരോഗ്യം | 42 |
| സ്വാതന്ത്ര്യദിനം | 45 |
| അമ്മ | 47 |
| മഹാന്മാർ സംസാരിക്കുന്നു | 48 |
| മലിനീകരണം | 50 |
| പ്ലാസ്റ്റിക് എന്ന വില്ലൻ | 51 |
| കിനാവ് | 52 |
| MATHILUKAL | 53 |
| OUR KERALA | 54 |
| AMERICAN PROVERBS | 55 |
| CHILDREN'S DAY QUOTES | 56 |
| AALAHAYUDE PENMAKKAL | 57 |
| BEST QUOTES | 58 |
| അറിഞ്ഞിടുന്നു ആ സ്നേഹമിപ്പോൾ | 59 |
| തപാലിന്റെ കഥ | 60 |

| | |
|---|---|
| MY FLIGHT EXPERIENCES | 61 |
| മറക്കാനാവാത്ത യാത്ര | 63 |
| JOURNEY OF MEMMORIES | 66 |
| സ്നേഹ സൗഹാർദം | 67 |

| | |
|---|---|
| മറക്കാനാവാത്ത ഒരു യാത്ര | 68 |
| വാർദ്ധക്യ പ്രശ്നങ്ങൾ | 71 |
| | |

# പഠന വഴി

ഗുട്ടൻ ബർഗിന്റെ
അച്ചടിയന്ത്രവും
കൈലൂൻ കണ്ടത്ത്യ
കടലാസും
കടലാസിൽ
കുത്തിവരക്ക്യാനായി
മഷിപ്പെന്നുമായി
വാട്ടർമാനും



സുഖമായെഴുതാൻ ലാസോ സീറോടെ-
ബോൾപെന്നു മുണ്ടായല്ലോ.

ബോറോ ഡെയ് ലീടെ-
പെൻസിലുമായപ്പോൾ
പഠനം സുഖകരമായി
പഠിക്കാൻ താൽപര്യമായി.

രീതി:എന്നോ ഞാനെന്റെ മുറ്റത്തൊരറ്റത്ത്

## ജലത്തിന്റെവീടുകൾ



നദികൾക്കൊരു നാമധേയമോ ദേശസീമകളുടെ ബന്ധനമോ ഇല്ലെന്നുള്ളതാണ് പരമാർത്ഥം.കാല-ദേശങ്ങൾക്കനുസരിച്ച് അവ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നതായികാണാം. സാംസ്കാരിക വൈവിധ്യങ്ങളെ നട്ടുനനച്ച് വളർത്തി നിനച്ചിരിക്കാതെ പ്രളയത്തിലാഴ്ത്തിവീണ്ടും കൈപിടിച്ചുയർത്തി ആദിമധ്യാന്തങ്ങളില്ലാതെകാലാതിവർത്തിയായ മഹാനദികൾ പ്രവഹിക്കുന്നു.അവനിയുടെ സിംഹഭാഗവും കയ്യടക്കിയ ബഹുമതി സമുദ്രത്തിനാണെങ്കിലും ഭൂമിയിലെ ജീവനെ ഊട്ടിവളർത്തുന്നതിലൂടെ ശുദ്ധജലവാഹികളായ നദികൾ ആഴിയിൽ ചെല്ലുന്നു.ജന്തു ജന്യമായ തൃഷ്ണകളാൽ ദാഹ ജലം തേടി നദീതീരത്തെത്തിയ ആദിമ മനുഷ്യൻ ജലത്തിന്റെ ശീതളിമയുടെ ചാരത്ത് ചേക്കേറിയതോടെ മഹത്തായ നദീതടസംസ്കാരങ്ങളുടെ ശിലാസ്ഥാപനമുണ്ടായി ജലത്തെക്കുറിച്ച് പരാമർശിക്കുമ്പോൾതടാകങ്ങളെ

അവഗണിക്കാനാവില്ല. ജലസംഭരണത്തിന്റേയും വലിപ്പത്തിന്റേയും അടിസ്ഥാനത്തിൽ അളക്കുമ്പോൾ തടാകങ്ങൾ സമുദ്രങ്ങൾക്കും നദികൾക്കും മധ്യേനിലകൊള്ളുന്നു. നദിക്ക് സ്വച്ഛന്ദമായ പ്രവാഹമാണെങ്കിൽ തടാകത്തിന് ശാന്തസുന്ദരമായ നിശ്ചലതയാണ്. അലങ്കാരികമായി ചിന്തിച്ചാൽ ഭൂമിയിലെ ജലത്തിന്റെ തറവാടായ സമുദ്രത്തിന്റെ താവഴികളാണ് നദികളും തടാകങ്ങളും .




## വിദ്യാഭ്യാസം, ബോധനം, ശീലം, സദാചാരം

-പഠിപ്പിക്കാൻ ശ്രമിക്കുന്നതിനിടയിലാണ് യഥാർത്ഥത്തിൽ പലമനുഷ്യരും പഠിക്കുന്നത്

-(സ്നേക്ക)

-ജീവിതമെന്ന സാഹസിക യാത്ര വിജയിക്കുന്നതിനാവശ്യമായ അച്ചടക്കമാണു വിദ്യാഭ്യാസം

(എ.എൻ.വൈറ്റ്ഹെഡ്)

-പ്രതിഭകളെപരിശീലിപ്പിക്കുവാനല്ലാത,സൃഷ്ടിക്കുവാൻ വിദ്യാഭ്യാസത്തിന് കഴിയില്ല

-(എഡ് വെർഡ് എം സേത്തു)

-എന്റെ വിദ്യാഭ്യാസത്തിനു ഇടപെടാൻ സ്കൂൾ കാലഘട്ടത്തെ ഒരിക്കലും ഞാൻ അനുവദിച്ചിട്ടില്ല

-(മാർക്ക് ട്വയിൻ)

# FRIENDSHIP

*A 10 letter word that gives*
*A new meaning,*
*Stick together till end and like a*
*Straight line that won't bent.*
*They know my weaknesses but,*
*Only show me my strengths .*
*They are the medicine for a-*
*wounded heart;*
*And vitamins for a hopeful soul.*
*Who are happy for my-*
*happiness;and*
*Sad for my sadness.*
*There is nothing on this earth*
*More to be prized than true friend ship ,*
*They're the once who deserve-*
*special*
*Places in my heart.*
*Friendship brings a wealth, much*
*More than anything money can,*
*buy,*
*For without this wealth, many of*
*Us would just die .*

# ഹോളി



വസന്തകാലത്തെ എതിരേൽക്കാൻ ഹിന്ദുക്കൾ ആഘോഷിക്കുന്നഉത്സവമാണ് ഹോളി . നിറങ്ങളുടെ ഉത്സവം എന്നും വസന്തോത്സവം എന്നും ഹോളിയെ വിശേഷിപ്പിക്കാം.ഉത്തരേന്ത്യയിലാണ് പ്രധാനമായും ഹോളി ആഘോഷിച്ചു വരുന്നത് . ദക്ഷിണേന്ത്യയിലും ഇപ്പോൾ ഹോളി ആഘോഷിച്ചുവരുന്നുണ്ട് . ഗുജറാത്തികളും മാർവാടികളും പഞ്ചാബികളുമാണ് ഹോളി ആഘോഷത്തിൽ മുൻപന്തിയിൽ നിൽക്കുന്നവരെങ്കിലും മുബൈ , ദില്ലി പോലുള്ള നഗരങ്ങളിൽ ഹോളി ആഘോഷിക്കാത്തവർ തന്നെ ചുരുക്കമാണെന്ന് പറയാം. ജാതിമതഭേദമന്യേ ജനങ്ങൾ ഹോളി ആഘോഷങ്ങളിൽ പങ്കുചേരുന്നു . പരസ്പരം നിറം പുരട്ടുമ്പോൾ ശത്രുക്കൾ അകലുമെന്നാണ് വിശ്വാസം . ഫെബ്രുവരിയുടെ അവസാനമോ മാർച്ചിന്റെ ആദ്യമോ ആണ് ഹോളി വരുന്നത് . ഹിന്ദു കലണ്ടർ അനുസരിച്ച് ഫാൽഗുനമാസത്തിലെ പൗർണമിയാണ് ഹോളി .

# ഈദുൽഫിത്തർ

ഹിജ്റ വർഷം ശവ്വാൽ മാസത്തിലെ ആദ്യ ദിവസ മുള്ള ലോക മുസ്ലീങ്ങളുടെ ആഘോഷമാണ് ഈദുൽ ഫിത്ർ അഥവാ ചെറിയ



പെരുന്നാൾ . റമദാൻ വ്രതമനുഷ്ഠാനത്തിന്റെ പരിസമാപ്തികുറിച്ച് കൊണ്ടാണ് ഈദുൽ ഫിത്ർ ആഘോഷിക്കപ്പെടുന്നത് .

ഈദുൽ ഫിത്ർ എന്നാൽ മലയാളിക്ക് ചെറിയ പെരുന്നാളാണ് .

ഈദ് എന്ന അറബിക് പദത്തിന് ആഘോഷം എന്നും ഫിത്ർ എന്ന അറബിക് പദത്തിന് നോമ്പ് തുറക്കൽ എന്നുമാണർത്ഥം.അതിനാൽ റമദാൻ മാസമുടനീളം ആചരിച്ച നോമ്പിന്റെ പൂർത്തീകരണത്തിനൊടുവിൽ നോമ്പുതുറ എന്നതാണ് ഈദുൽ ഫിത്ർ എന്നത് പ്ര-തിനിധാനം ചെയ്യുന്നത്.ഈദിന്റെ ആദ്യ ദിനം റമദാൻ കഴിഞ്ഞു വരുന്ന മാസമായ ശവ്വാൽ 1 ന് ആണ്.

ചടങ്ങുകൾ :പെരുന്നാൾ ദിവസം രാവിലെ നടക്കുന്ന ഈദ് നമസ്കാരമാണ് പ്രധാന ചടങ്ങ് .

# <u>ക്രിസ്തുമസ്</u>



ക്രിസ്തുമസ് ക്രിസ്തീയ കലണ്ടർ പ്രകാരമുള്ള പുണ്യദിനമാണ്.യേശു ക്രിസ്തുവിന്റെ ജനനമാണ് ഈ ദിവസത്തിൽ അനുസ്മരിക്കപ്പെടുന്നത്. ലോകമെമ്പാടും ഡിസംബർ 25 ആണ് ക്രിസ്തുമസ് ആയി കണക്കാക്കുന്നത് . എന്നാൽ ചില ക്രിസ്തീയ ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ ക്രിസ്തുമസ് ഏറ്റവും പ്രധാനപ്പെട്ട ആഘോഷമാണ്. മിക്കദേശങ്ങളിലും ഒരു മതവിഭാഗത്തിന്റെ പ്രത്യേക ആഘോഷം എന്നതിനുമപ്പുറം ക്രിസ്തുമസ് ഏവർക്കും സന്തോഷം പകരുന്ന ആഘോഷമായി മാറിയിട്ടുണ്ട് . മിക്ക സ്ഥലങ്ങളിലും പരസ്പരം സമ്മാനങ്ങൽ കൈമാറാനും ബന്ധങ്ങൾ പുതുക്കാനുമുള്ള അവസരമായാണ് ഈ ദിവസം കണക്കാക്കപ്പെടുന്നത് . ക്രിസ്തുമസ് ആഘോഷങ്ങളും ആചാരങ്ങളും ഓരോ ദേശത്തും വ്യത്യസ്തമാണ് .

*ക്രിസ്തുമസ് ഉത്സവത്തെ പറ്റി വ്യക്തമായ ചരിത്രരേഖകളില്ല .ഡിസംബർ 25 ക്രിസ്തുവിന്റെ ജന്മദിനമായി ആചരിക്കാനുള്ള കാരണവും ചരിത്രകാരൻമാർക്ക് അജ്ഞാതമാണ് .*

# ONAM

ONAM is an annual Hindu holiday and festival with origins in the state of Kerala in India. It falls in the malayalam calender month of chingam,which in Gregorian calender overlaps with august-September. According to legends, the festival is celebrates to commemorate king mahabali,whose spirit is said to visit kerala at the time of onam.



ONAM is a major annual events for malayali people in and outside kerala. It is a harvest festival, one of 3 major annual hindu celebration along with vishu and thiruvathira,and it is observed with numerous festival. Onam celebrations include vallamkali(boat race),pulikkali(tiger dances), pookalam (flower arrangement).Onathappan (worship) , onam kali , tug for war,thumbi thullal (women dance) and other celebrations.

ONAM is the official state festivals of kerala with public holidays.

# മാതൃസ്നേഹം

*മാതൃസ്നേഹത്തോടുപമിക്കാനൂഴിയിൽ*
*ഉണ്ടോ മറ്റൊരു സ്നേഹം*
*അമ്മിഞ്ഞപ്പാലിനു തുല്യമായി*
*പാരിൽ*

*ഉണ്ടോ വേറൊരു മധുരം .*

*അമ്മ ഒരു ജ്വാല*
*തേജസേറ്റിയെരിഞ്ഞജ്വാല*



വലം പിരി ശംഖിലെ
തീർത്ഥം

വിങ്ങും മനസ്സിന് സാന്ത്വനം

എരിയും കനവിനെ കെടുത്തി സ്വന്തം ദു:ഖം മറച്ചു

പാരിനു മുഴുവൻ പ്രകാശമേൽപ്പിക്കുന്നു

അമ്മതൻ ഹൃദയത്തിലെ ത്യാഗവും സ്നേഹവും

ഊഴിക്ക് മുഴുവനനുഗ്രഹം.

പാരിനു മുഴുവൻ പ്രകാശം.

മധുരമൊഴിയോടവൻ ചൊല്ലുന്നു കുഞ്ഞേ നീ

“ നല്ലത് മാത്രമേ ചൊല്ലിടാവൂ


നൽച്ചൊല്ല് മാത്രമേ കേട്ടിടാവൂ ".

# ഗുരു

അധ്യാപകൻ എന്ന വാക്കിനെ പ്രവൃത്തികൊണ്ടും ജീവിതംകൊണ്ടും അർത്ഥവത്താക്കിയ ഒരാളായിരുന്നു ഡോ.എസ് രാധാകൃഷ്ണൻ.അഥവാ ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻ.നമ്മുടെ ആദ്യത്തെ ഉപരാഷ്ട്രപതിയും രണ്ടാമത്തെ രാഷ്ട്രപതിയും ആയിരുന്നു അദ്ദേഹം.അദ്ദേഹത്തിന്റെ ജന്മദിനമാണ് അധ്യാപക ദിനമായി ആചരിക്കുന്നത്.ഇന്ത്യയിലെ ഓരോ അധ്യാപകനും എക്കാലത്തും മാതൃകയാക്കാവുന്ന ഒരു മഹദ് വ്യക്തിത്വത്തിനുടമയായിരുന്നു ഡോ.രാധാകൃഷണൻ.അറിവും വിനയവും ഒരുപോലെ സമന്വയിച്ച അപൂർവ വ്യക്തിത്വത്തിനുടമ അതിലുപരി തത്വചിന്തകൻ എന്ന നിലയിൽ ലോകത്തിന്റെ തന്നെ ശ്രദ്ധനേടിയ വ്യക്തികൂടിയായിരുന്നു നമ്മുടെ ഗുരു ഡോ.രാധാകൃഷ്ണൻ



# ചാച്ചാജിയുടെ സ്മരണയിൽ.....



കുട്ടികളെയും പനിനീർ പൂക്കളെയും ഒരു പോലെ ഇഷ്ടപ്പെടുന്ന ഒരു ഭരണാധിക്കാരിയുണ്ടായിരുന്നു നമ്മുടെ രാജ്യത്തിന് . കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്ന അദ്ദേഹത്തിന്റെ, ജന്മദിനമായ നവംബർ 14 ശിശുദിനമായി ആഘോഷിക്കുന്നു. ബ്രിട്ടീഷുകാരുടെ കൈകളിൽ നിന്ന് ജീവച്ഛവമെന്ന പോലെ കിട്ടിയ ഇന്ത്യയെ ഇന്നത്തെ വികസിത രാജ്യമായി മാറ്റിയെടുക്കുന്നതിൽ വലിയ പങ്കുവഹിച്ച ജവഹർലാൽ നെഹ്റുവിനെ ആധുനിക ഇന്ത്യയുടെ ശിൽപ്പി എന്നാണ് വിശേഷിപ്പിക്കുന്നത്. ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരന്മാർ എന്നുറച്ച് വിശ്വസിച്ച ചാച്ചാജി കുട്ടികളുടെ ക്ഷേമത്തിനായി

പ്രവർത്തിച്ചു . നമ്മുടെ രാജ്യത്തിന്റെ പ്രഥമ പ്രധാനമന്ത്രിയാണ് ജവഹർലാൽ നെഹ്റു . അധികാരത്തിലെത്തിയ ശേഷം ആസൂത്രണകമ്മീഷൻ രൂപവത്കരിച്ച് രാജ്യത്തെ വി കസനത്തിലേക്ക് പറഞ്ഞയച്ചു. ഇങ്ങനെയുള്ള പലമേഖലയിലും കഴിവ് തെളിയിച്ച മഹാത്മാവാണ് ചാച്ചാജി.

# സഹോദരി

ഒരുമയുടെയും  കുറുമ്പിന്റെ
പാതിതളരാത്ത ബന്ധം
ജീവിത  സുന്ദരനിമിഷങ്ങൾ
ഒരു കളിപ്പാട്ടത്തിനായി
നിറയുന്ന കണ്ണുകൾ
ഒരു മിഠായിക്കായി
ഒത്തൊരുമിക്കുന്ന സ്നേഹബന്ധം
നനയുന്നമിഴികൾ തുടക്കാനും
മനസ്സിൻറെവേദന നിമിഷങ്ങൾയും
ചിഹ്നമാണി   ബന്ധം
പങ്കിട്ടു  തീർക്കാനും
വേദനകളുടെ ആഴം കുറക്കുന്നതും
ഒരു മനസ്സായി മാറി
ഒരു നിമിഷം അകന്നാലും
പെട്ടെന്നടുക്കുന്ന ബന്ധം
പൊട്ടാത്ത  ചരടുപോലെ
മാറുന്ന സ്നേഹം എന്നും സഹോദരി..

# സ്വാതന്ത്ര്യം, ജനാധിപത്യം, രാഷ്ട്രീയം



സ്വാതന്ത്ര്യമെന്നത് ജീവിതം കുറേക്കൂടി മെച്ചപ്പെടുത്താനുള്ള അവസരലഭ്യതയല്ലാതെ മറ്റൊന്നുമല്ല.

(ആൽബർട്ട് കാമു)

എല്ലാവശങ്ങളും പരിഗണിക്കുമ്പോൾ മനുഷ്യർ സമന്മാർ അല്ലായിരിക്കാം.എന്നാൽ ,മാനവത എന്ന അടിസ്ഥാനഗുണത്തിൽ മനുഷ്യർ എല്ലാം സമന്മാർ തന്നെ.

(ഹഗ് ഗയസ്കൽ)

സമന്മാരായാണ് മനുഷ്യരെല്ലാം ഭൂജാതരാകുന്നത് . എന്നാൽ അതിനെ അതിജീവിച്ച് മുന്നോട്ടു നീങ്ങുക യെന്നാണ് ഏറ്റവും ദുഷ്കരമായ കൃത്യം.

(ഡോൺ ലിയറി)

രാഷ്ട്രീയത്തിൽ വിജയിക്കണമെന്നുണ്ടെങ്കിൽ മനസ്സാക്ഷിയെ നിയന്ത്രിച്ച് മൂലയിലിരുത്തണം.

(ലോയ്ഡ് ജോർജ്ജ്)

ദീർഘദൃഷ്ടി വെച്ച് പ്രവർത്തിക്കുന്നത് രാഷ്ട്രീയത്തിൽ വ്യക്തിപരമായി അപകടകരമാണ്.

(ബിസ്മാർക്ക്)

# അമൃത്



എന്നിൽ നിന്നകലുന്ന
താരകണക്കെ വർണ്ണങ്ങളെ
എൻ വേദന അറിയാനാരുണ്ട്
എൻ കണ്ണിൽ നിന്നുറവെടുത്ത
ചുടുനീർ തുള്ളികൾ എത്ര
വേദനിക്കുമ്പോൾ കൂട്ടിനാര്
ചുടുനീരുറവ ഒഴുകിതുടങ്ങി
ജീവകാലം അകലും തോറും -
ശയിച്ചു തുടങ്ങി ഞാൻ
വേദന കേൾക്കാനാരുണ്ട്
അതറിയാനാരുണ്ട്
ഞാൻ തന്നെ എൻ ദു:ഖം
അറിഞ്ഞു കരയവേ ......
കണ്ണീർ തുള്ളികൾ കണക്കില്ലാ പൊഴിയവേ
അശ്രുവിൻ ഉപ്പു രസം പോയ്
അമൃതായിനി എത്തുമേ
ദൈവമേ.... നിന്നിലഭയം തേടുന്നവേ..........

# <u>പ്രകൃതിയമ്മ</u>



പൂക്കളെ പുഴക്കളെ

കളകള നാദം ഉയർത്തുന്ന

കാട്ടാറെ

പാടുന്നതെന്തിനു നീ പൊൻ

പുഴേ

സുഗന്ധം വിതക്കുന്നതെന്തിനു

പൂവേ

പുഴയേ,പൂക്കളേ,കാട്ടാറേ

നിങ്ങളെ  പ്രപഞ്ചത്തിലെ ഒരുതരി

മാത്രമോ? എത്ര കിടക്കുന്ന പ്രകൃതി-

മരങ്ങൾ വൃക്ഷലതാദികൾ പൊൻ വയലുകൾ

ഇങ്ങനെ പലതും നെയ്തുവിട-

ർത്തിയ പ്രകൃതിയമ്മയെ വണങ്ങുന്നു


ഒരുവൻ മരം വയ്ക്കാൻ ഒരുവൻ

മരം വെട്ടാൻ

# _വായന, അറിവ്, അഭിപ്രായം

അറിവ് അധികാരമാണ്,അധികാരം നിയന്ത്രണവും നിയന്ത്രണമാണെ-
ങ്കിൽ സുരക്ഷ പ്രദാനം ചെയ്യുന്നു

(ഫ്രാൻസിസ് ബേക്കൺ)



സുവ്യക്തമായ ഒരു പ്രസ്താവന ഒന്നാം തരം ഒരു പാദ മുഖം കൂടിയാണ്

(ഡബ്ലിയു.ജി.ടി.ഷിഡെ)

ചിന്തയ്ക്കു വിധേയമാകാത്ത വായന ദഹിക്കാതെ വിസർജ്ജിക്കുന്ന ആഹാരം പോലെയാണ്

(എഡ് മണ്ട് ബർക്ക്)

# _നൻമൊഴികൾ

ഒരു  മനസ്സിന്റെ ഭാഗം വേറൊരു മനസ്സിന്റെ ഭാഗവുമായി സമന്വയിക്കുന്നതാണ് സൗഹൃദമെന്നത്.

അതായത്,മാനസികമായ
പരസ്പര പ്രതിബദ്ധതയിലൂടെ മാത്രമേ വ്യക്തികൾക്കു സുഹൃത്തുകളാകാൻ സാധിക്കുകയുള്ളൂ

-ജോർജ്

സന്തായന

ഒരു നിമിഷത്തേക്കുപോലും എന്റെ മനസ്സിന്റെ അകത്തളത്തെ

വ്യക്തമായി ഞാൻ കണ്ടിട്ടില്ല.പിന്നെ എങ്ങനെയാണ് അന്യരുടെ
ചിന്തകളേയും പ്രവർത്തനങ്ങളേയും വിലയിരുത്തുവാൻ എനിക്കു സാധിക്കുക

-മോറിസ്

മെറ്റർലിങ്

അകൃത്രിമമായ  ദൈവ വിശ്വാസത്തിലും നിഷ്കളങ്കമായ  ശാസ്ത്രീയ നിഗമനങ്ങളിലും അധിഷ്ഠിതമായ മനസ്സുകൾ മാത്രമേ വരും കാലങ്ങളിൽ  നിലനിൽക്കുകയുള്ളൂ....

-ജിദ്ദു കൃഷ്ണ മൂർത്തി

മനസ്സ് ദേഹത്തിന് ആജ്ഞതകൾ നൽകുന്നു . ദേഹം ഉടനെ അതിനെഅനുസരിക്കുന്നു.എന്നാൽമനസ്സ്സ്വയംആജ്ഞാപിക്കുമ്പോഴോ? പരമാവധി പ്രതിരോധം സ്വയം നേരിടേണ്ടി വരുന്നു.

-സെയിന്റ് ആഗസ്റ്റിൻ

ഓരോമനുഷ്യനുംസംരക്ഷിക്കുവാനുംപരിപോഷിപ്പിക്കുവാനും അന്തിമമായ ബാധ്യസ്ഥതയും ഉത്തരവാദിത്വവുമുള്ള ഒരേയൊരു യാഥാർത്ഥ്യം അവന്റെ ആത്മാവു മാത്രം

-വില്യം ഡഗ്ലസ്

നാൽപതു വയസ്സിനു മേലുള്ളസർവ്വമനുഷ്യരുംതത്വദീക്ഷയോ മനസ്സാക്ഷിയോ ഇല്ലാത്തവർ തന്നെ

-ബർണോഡ് ഷാ

മനുഷ്യനിലെ ദൈവസാന്നിധ്യമാണ് മനസ്സാക്ഷി

-സ്വീഡൺ

ബോർഗ്

അന്തിമ  ന്യായാധിപൻ എന്ന നിലയിൽ ദൈവത്തിനു മാത്രം പ്രവേശനാധികാരമുള്ള ഒരു വിശുദ്ധ ദേവാലയമാണ് മനസ്സാക്ഷി

-ലാമ നെയ്സ്

മനസ്സാക്ഷി എന്ന സ്വർഗീയ തീപ്പൊരി നിങ്ങളുടെ നെഞ്ചിൽ അണയാതെ സൂക്ഷിക്കുക അനുമതി

-ജോർജ് വാഷിങ്
ടൺ

ലജ്ജകൊണ്ട് മുഖം വിവർണമാകുന്ന,അല്ലെങ്കിൽ അതിന്റെ ആവശ്യമുണ്ടാകുന്ന,ഒരേയൊരു ജീവി മനുഷ്യനാകുന്നു

-മാർക്ക് ട്വൈൻ

കാര്യകാരണസഹിതം പ്രവർത്തിക്കാൻ ശേഷിയുള്ള ഒരേയൊരുജീവിയാണ് മനുഷ്യൻഎന്നാൽ ,കാര്യകാരണസഹിതവുംയുക്തിബദ്ധവുമായിപ്രവർത്തിക്കാൻആശ്യപ്പെട്ടാൽഉടനെ കോപാകുലനാകുന്ന ജീവിയും അവൻ തന്നെ

-ഓസ്കർ വൈൽഡ്

ധാരണയുടെ ലക്ഷ്യം എന്തെങ്കിലും തെളിയിക്കുകയോ കണ്ടെത്തുകയോ അല്ല,മറിച്ച്,അറിയുകയും വിശ്വസിക്കുകയുമാണ്

-തോമസ്

കാർലൈൻ

വിരൂപമായ ഒരു മനസ്സിനേക്കാൾ എത്രയോ ഭേദമാണ് വിരൂ
പമായ ഒരു മുഖം

-ജെയിംസ്


എല്ലിസ്

ഒരു വസ്തുവിനേയും ഉപയോഗശൂന്യമായി ബുദ്ധിയുള്ളവർ ആരും കരുതുകയില്ല

-ലാ ഫെണ്ടേൻ

അൽപം പൊങ്ങച്ചമില്ലാത്ത ജീവിതം അസാധ്യമാണ്

-ടോൾസ്റ്റോയ്



बुरा मत सुनो



बुरा मत देखो



बुरा मत बोलो

# നാടൻ കലകൾക്ക് നഷ്ടമാവുന്ന സാംസ്കാരികത്തനിമ



ഇന്ന് നാം ജീവിക്കുന്നത് തിരക്ക് പിടിച്ച നാഗരിക ലോകത്തിലാണ് . സമ്പന്നമായിരുന്ന സാംസ്കാരിക പരമ്പര്യങ്ങളിൽ നിന്ന് നാം എത്രയോ വ്യതിചലിച്ചുപോയിരിക്കുന്നു . ഇനിയൊരിക്കലും തിരിച്ചെത്താൻ വയ്യാത്ത വിധം നാം എത്രയോ അകലേ പോയ്ക്കഴിഞ്ഞിരിക്കുന്നു . നമ്മുടെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും കൂട്ടായ്മയുടേയും സങ്കലനമായിരുന്നു നാടൻ കലാരൂപങ്ങൾ .

വിശ്വാസങ്ങളും മിത്തുകളും കഥകളും സംഗീതവും കൃഷിയും ജോതിഷവും ഇഴ ചേർന്ന് സമ്പന്നമായിരുന്ന നമ്മുടെ ഗ്രാമീണ ജീവിതത്തിന്റെ നേർപകർപ്പായിരുന്നു നാടൻ കലകൾ . വൈദേശിക സംസ്കാരത്തോടുള്ള അന്ധമായ ആർത്തി മൂലം ഇവ

നമുക്കിന്ന് നഷ്ടമായിക്കൊണ്ടിരിക്കുന്നു . എങ്കിലും വിരലിലെണ്ണാവുന്ന കലാപ്രേമികളുടെ ശ്രമഫലമായി ഇവയിൽ ചിലതൊക്കെ ഇന്നും അന്യം നിന്നുപോവാതെ നിലനിൽക്കുന്നു.



കേരളത്തിൽ നിലനിന്നിരുന്ന പലനാടൻ കലാരൂപങ്ങളും അന്യം നിന്നുപോവുകയോ രൂപപരിണാമം സംഭവിക്കുകയോ ചെയ്തിട്ടുണ്ട് . സ്കൂൾ , കോളേജ് , കലോത്സവങ്ങളിൽ പല നാടൻ കലാരൂപങ്ങളും ഇന്ന് മത്സരഇനമായി പരിണമിച്ചിട്ടുണ്ട് .

വളർന്നു വരുന്ന പുതുതലമുറക്ക് പരിചയപ്പെടാൻ സഹായിക്കുമെങ്കിലും മത്സരഇനമായി മാറിയ കലാരൂപങ്ങൾക്ക് പരമ്പരാഗതശൈലിയും മൂല്യവും നഷ്ടമായിരിക്കുന്നു . നമ്മുടെ കാർഷികവ്യവസ്ഥയും സംസ്കാരികവുമായി സംവദിച്ചിരുന്ന നാടൻ കലാരൂപങ്ങൾ നമുക്ക് ലഭ്യമാക്കിയിരുന്ന മാനുഷിക മൂല്യങ്ങളും കൂട്ടായ്മയും ഇന്ന് വെറും പഴങ്കഥ മാത്രം.

# നിർജ്ജീവമാകുന്ന മർത്ത്യൻ

കണ്ണടച്ചിരിക്കാതെ കൺതുറന്നിരിക്കു
മാനുഷാ.....മന്നിലലങ്കാര ഭംഗിയും-
ഉലകത്തിൽ സ്വച്ഛമായ് സൗരഭ്യവും
ജനിച്ചാൽ ഈ സുഖം അറിയാതെ
കണ്ണുതുറന്നുകാണാതെ മൃതികൈവരിക്കില്ലെടോ...
ഈ ഉലകത്തിൻ ചട്ടം തെറ്റിച്ചോടുന്ന-
വനാണീ മർത്യൻ
ആർഭാടത്തിനൊരു ശകലം കുറവില്ല
മാനിയായ് നാട്ടിൽ വിലസീടും
മാനവൻ വിരയുന്നത് എന്തിതാ
എല്ലാം മഹാത്ഭുതങ്ങളായ്
നടന്നുന്ന് ഈ മന്നിൽ
ഈ ദശ കണ്ടു ദൈവം
കോപിക്കുന്നതോ ആരറിയുന്നു
പഞ്ഞം വരുപ്പോൾ മാത്രം
മേലോട്ടു നോക്കി തൻ ഭാഷയിൽ
മുകളിലുള്ളോനെ തേടുന്നു
വെറും നിർജ്ജീവമാകുമ്പോൾ
സുഖസൗകര്യം ആർക്ക് വേണം
കരാളമായ നിർജ്ജീവാവസ്ഥ
താണ്ടുവാനിരിക്കുന്നെപ്പോഴുമെന്നോർക്കുക മനുഷ്യാ.....

# നവ കേരളം പിറക്കുന്നു


shutterstock.com • 778475812

ഒറ്റ ദിവസത്തിന്റെ സംഭാവനയല്ല കേരളം. സംസ്ഥാന രൂപവത്കരണത്തിന് പിന്നിൽ നീണ്ട ത്യാഗത്തിന്റെയും സമരത്തിന്റെയും കഥയുണ്ട്.

പല തട്ടിൽ നടന്ന ആഹ്വാനത്തിന്റെയുംശ്രമങ്ങളുടെയും ഫലമായിരുന്നുകേരളം. സംസ്ഥാനം രൂപവത്കരിക്കപ്പെടും മുമ്പേ ഐക്യകേരളം നിരവധി പേരുടെ ചിരകാല സ്വപ്നമായിരുന്നു. 1956-നവംബർ ഒന്നാം തിയ്യതി പുതിയ കേരളം രൂപംകൊണ്ടു. അതിനു ശേഷം എല്ലാ മേഖലയിലും നിരവധി മാറ്റങ്ങൾ വന്നു തുടങ്ങി.

കേരളപ്പിറവിക്കു ശേഷം എറണാകുളം ആസ്ഥാനമായി ഹൈക്കോടതി നിലവിൽ വന്നു. വ്യവസായ മേഖലയിലും , ആരോഗ്യം , വിദ്യാഭ്യാസം ഇങ്ങനെയുള്ള എല്ലാ മേഖലയിലും ആധുനികതയിലേക്കുള്ള വൻകുതിച്ചുചാട്ടമാണ് ഉണ്ടായത്. 1957-ഏപ്രിൽ 5 ന് ഇ. എം. എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള കമ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നതോടെ കേരളത്തിൽ പുതിയ യുഗം പിറന്നു

# CHILDREN 'S DAY




**Children 's day is** celebrated on the 14th of November which is also the birth anniversary of **Pandit Jawaharlal Nehru** .
He was an outstanding statesman and was the first Prime Minister
of Independent India . He had a great passion for children and
loved them a lot,which stood as the reason behind the celebration
of Nehru's birthday as children's day after his death in 1963.

Pandit Jawaharlal Nehru is popularly referred as **Chacha Nehru** by children . He was very much committed to children and their attitudes. The story also goes that he weared a **'rose'** on his jacket after a child pinned one on it !

# മൂവന്തിയിലെ ചന്ദ്രൻ

മൂവന്തിയിൽ,
ആകാശത്ത് ചന്ദ്രൻ ഉദിച്ചു
മെല്ലേ മെല്ലെ അത് ഭൂമിലേക്ക്
ഇറങ്ങി....



ഒരുപ്രാപ്പിടിയൻപക്ഷിക്കുഞ്ഞിനെഎന്നപ്പോലെ...
എന്നെ കവർന്നെടുത്ത്
മുകളിലേക്കു കുതിച്ചു

ഞാനെന്നെ തിരഞ്ഞെങ്കിലും
കണ്ടെത്താനായില്ല...
എന്റെ ശരീരം
ആത്മാവായികഴിഞ്ഞിരുന്നു...
നവഗ്രഹങ്ങൾ ചന്ദ്രനിലലിഞ്ഞു
ആ സമുദ്രത്തിൽ....
എന്റെ ഉണ്മയുടെ യാനം
മുങ്ങിത്താഴ്ന്നു...

# സ്വപ്നം



മഴപ്പാറ്റ പൊങ്ങുന്ന
മുറ്റത്തു നിന്ന്
പെയ്യാൻ വിതുമ്പുന്ന മനസ്സുമായി
തോട്ടിൻ വരമ്പിലൂടെ
മാനത്തു കണ്ണിയേയും
പൊൻമയേയും
പോക്കാച്ചിയേയും വെടിഞ്ഞ്
പടികളിറങ്ങുമ്പോൾ
വേറൊരു ലോകം

സ്വപ്നം കണ്ടു.
നക്ഷത്രങ്ങൾ പൂക്കുന്ന രാവിന്നു
കീഴിൽ

നിറയെ പൂക്കുന്ന മുല്ലവള്ളി.
അതിനു താഴെ

നമ്മൾ പണിയുന്ന സ്വർഗ്ഗം-
പക്ഷെ
ഏതോ മാന്ത്രികന്റെ കയ്യിലെ

ദണ്ഡിനനുസരിച്ചായി പിന്നീട് ചലനം.

സ്വപ്നങ്ങൾക്ക് പോലും പരിധികൾ.
രണ്ടിലകളായ് പിറക്കണം നമുക്ക്

അടുത്ത ജന്മം .
കാറ്റത്തും വെയിലത്തും
മഴയത്തും ആടി ഉലഞ്ഞ്
ഒന്നിച്ചടർന്ന് വീണ്

ഒന്നായി മണ്ണിൽ ലയിക്കണം.

# വ്യക്തി ശുചിത്വം ആരോഗ്യം

എന്താണ് ശുചിത്വം? വ്യക്തികളും ജീവിക്കുന്ന ചുറ്റുപാടും അന്തരീക്ഷവും മാലിന്യ മുക്തമായിരിക്കുന്ന അവസ്ഥയാണത്.കുട്ടികളായ നമ്മൾക്ക് ശുചിത്വ ബോധമുണ്ടാവേണ്ടത് ആദ്യം നമ്മുടെ വീടുകളിൽ നിന്നു തന്നെയാണ്.അച്ഛൻ അമ്മ സഹോദരി സഹോദരന്മാർ എന്നിവരിൽ നിന്നാണ് നാമാദ്യം ശുചിത്വ ബോധംസ്വായത്തമാക്കേണ്ടത്.കുടുംബത്തിൽ ഓരോ വ്യക്തിയും ചേർന്ന് ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഒരു ശുചിത്വ സമൂഹമായി നമുക്ക് മാറാനാവൂ. നാമോരോരുത്തരും പാലിക്കേണ്ടതായ ധാരാളം ആരോഗ്യ ശീലങ്ങളുണ്ട്. അവ പാലിച്ചാൽ പല രോഗങ്ങളെയും ഒഴിവാക്കുവാൻ നമുക്ക് സാധിക്കും.ഭക്ഷണത്തിന് മുമ്പും പിമ്പും കൈകൾ

നന്നായി കഴുകുക, ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തുവാല ഉപയോഗിക്കുക, നഖം വെട്ടി വൃത്തിയാക്കുക, ദിവസവും കുളിക്കുക, വൃത്തിയുള്ള വസ്ത്രം ധരിക്കുക, പാദരക്ഷകൾ ഉപയോഗിക്കുക., സമീകൃതാഹാരം ശീലമാക്കുക, അമിതാഹാരം ഒഴിവാക്കുക തുടങ്ങിയവയാണ് അവ. ആരോഗ്യവ്യവസ്ഥ ശുചിത്വാവസ്ഥയുമായി ഏറെ ബന്ധപ്പെട്ട് കിടക്കുന്നു. ശുചിത്വത്തിന്റെ കാര്യത്തിൽ നമ്മുടെ നാട് ഏറെ പിന്നിലാണ്. സ്വന്തം വീട്ടിലെ മാലിന്യവും അഴുക്കുജലവും അയൽക്കാരന്റെ പറമ്പിലേക്കെറിയുന്ന അല്ലെങ്കിൽ പൊതുസ്ഥലത്ത് കൊണ്ടിടുന്ന സംസ്കാരത്തിന് മാറ്റം വന്നേ മതിയാവൂ. ആവർത്തിച്ചുവരുന്ന പകർച്ച വ്യാധികൾ നമ്മുടെ ശുചിത്വമില്ലായ്മയുടെ പ്രതിഫലനമാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. വിദ്യാലയങ്ങളിലും പൊതു ഇടങ്ങളിലും നമ്മൾ വലിച്ചെറിയുന്ന

മിഠായിക്കടലാസുകളും പ്ലാസ്റ്റിക് മാലിന്യങ്ങളും നമ്മുടെശുചിത്വമില്ലായ്മയെ

അടയാളപ്പെടുത്തുന്നവയാണ്.നല്ല വ്യക്തി ശുചിത്വമുള്ള ഒരു കുട്ടി ഒരിക്കലും ഇത്തരം

കാര്യങ്ങൾ ചെയ്യുകയില്ല. വ്യക്തിശുചിത്വമുണ്ടെങ്കിൽ മാത്രമേ

സമൂഹശുചിത്വവും സ്വായത്തമാവുകയുള്ളൂ. എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ ഒരു

ശുചിത്വ സമൂഹമായി മാറാൻ നമുക്ക് കഴിയും.

അതിനാവട്ടെ ഇനി നമ്മുടെ ശ്രമം.

# സ്വാതന്ത്ര്യദിനം




"സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് ഞാനത് നേടുക തന്നെ ചെയ്യും" എന്ന് ഉറക്കെ പ്രഖ്യാപിച്ച ധീര ദേശാഭിമാനിയായ ബാലഗംഗാധര തിലകന്റെ വാക്കുകൾ നമ്മൾ പഠിച്ചിട്ടുണ്ടല്ലോ. ബ്രിട്ടീഷുകാരുടെ ചൂഷണത്തിനെതിരെ ദൃഢനിശ്ചയത്തോടെ പോരാടിയ തിലകന്റെ വരികൾ സ്വാതന്ത്യദിനത്തിന്റെ പ്രാധാന്യത്തെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. നമ്മുടെ രാജ്യം ബ്രിട്ടീഷുകാരുടെ കൈകളിലായിരുന്നു.അവർ നമ്മുടെ സമ്പത്ത് മുഴുവൻ കൊള്ളയടിച്ചു. നമ്മുടെ സംസ്കാരത്തെ തകർത്തു. നാട്ടുരാജ്യങ്ങളെ തമ്മിലടിപ്പിച്ച് രാജ്യത്തിന്റെ ക്രമസമാധാനം തകർത്തു. എന്തിനേറെ പറയുന്നു നമ്മുടെ വയനാട്ടിലെ സുഗന്ധവ്യഞ്ജനങ്ങളേയും അവർ കടത്തിക്കൊണ്ടുപോയി. നമ്മുടെ രാജ്യത്തിലെ

ജനതയേയും സമ്പത്തിനെയുമെല്ലാം ചൂഷണം ചെയ്ത ബ്രിട്ടീഷുകാർക്കെതിരെ ദേശാഭിമാനികളായ നിരവധി പേർ സംഘടിച്ചു. ഗാന്ധിജിയും നെഹ്റുവും ഭഗത് സിംഗും ബാലഗംഗാധര തിലകനുമെല്ലാം സമരത്തിന് നേതൃത്വം നൽകി. ബ്രിട്ടീഷുകാർ ഇന്ത്യ വിടുക എന്ന മുദ്രാവാക്യത്തോടെ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ക്വിറ്റ് ഇന്ത്യ സമരത്തോടെ ബ്രിട്ടീഷുകാർക്ക് ഇന്ത്യയിൽ തുടരാൻ കഴിയാത്ത ഒരവസ്ഥ വന്നു ചേർന്നു. ഒടുവിൽ 1947 ആഗസ്റ്റ് 15 ന് ബ്രിട്ടീഷുകാർ ഇന്ത്യ വിടാൻ തീരുമാനിച്ചു. അതോടെ നമ്മൾ സ്വതന്ത്രരായി. സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ രാജ്യത്തിനു വേണ്ടി ജീവൻ ബലികഴിച്ച ധീര ദേശാഭിമാനികളെ നമുക്ക് സ്മരിക്കാം. അവർ നമുക്ക് നേടിത്തന്ന സ്വാതന്ത്ര്യത്തിന്റെ മഹത്വം നാം എന്നും കാത്തു സൂക്ഷിക്കേണ്ടതാണ്.

# അമ്മ



വിറച്ച്,

വിതുമ്പി,

വീട്ടാലയിൽ,

'ചത്താമതി'യെന്ന് പ്രാകി

ചായ്പ്പിൽ.

ഇനി പോകാനിടമില്ലെന്ന്

കരഞ്ഞ്

ബസ്സ്റ്റോപ്പിൽ

വേദന കടിച്ചമർത്തി

പൊന്തക്കാട്ടിൽ,

ചില അമ്മമാർ .

ഇന്നുമൊരു വൃദ്ധയെ

വഴിവക്കിൽ തള്ളി മക്കൾ കടന്നുകടഞ്ഞു.

ഓർമ നഷ്ടമായ

ആയമ്മ

ഓടിക്കൂടിയവരോട്

സ്വന്തം പേര് മാത്രം ആവർത്തിച്ചു.

'മലയാളം'.മലയാളം'

# മഹാൻമാർസംസാരിക്കുന്നു

## അരിസ്റ്റോട്ടിൽ

### അദ്ധ്യാപകൻ

- മനുഷ്യശിശുക്കളെ ജീവിതകല അഭ്യസിപ്പിക്കുന്ന അദ്ധ്യാപകന്റെ സ്ഥാനം ഏറ്റവും ശ്രേഷ്ഠമായിരിക്കണം.
- വിജ്ഞാനസമ്പാദത്തിനുള്ള ഏറ്റവും നല്ല മാർഗം അദ്ധ്യാപന ജോലിയിൽ ഏർപ്പെടുകയാണ്.

### വിദ്യാഭ്യാസം

- ജീവിച്ചിരിക്കുന്നവരും മരിച്ചവരും പോലെയാണ് വിദ്യാഭ്യാസം ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വ്യത്യാസം .
- യുവാക്കളുടെ വിദ്യാഭ്യാസത്തെ അനുസരിച്ചാണ് സാമ്രാജ്യങ്ങളുടെ വിധി നിലകൊള്ളുന്നത് .
- വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പ്പു നിറഞ്ഞവയും

പഴങ്ങൾ മാധുര്യമുള്ളതുമാണ്

### സ്നേഹം

നല്ല മനുഷ്യൻ സ്നേഹംമൂലം അനുസരിക്കുന്നു അല്ലാത്തവർ ഭയം മൂലവും.

### ജീവിതം

ജീവിതം ബുദ്ധിമാൻമാർക്കുള്ളതാണ്

### മുഖസ്തുതി

ഒന്നുകിൽ നിങ്ങളേക്കാൾ കഴിവ്കുറഞ്ഞവൻ, അല്ലെങ്കിൽ അങ്ങനെ ഭാവിക്കുന്നവർ.അത്തരം സുഹൃത്തുക്കളാണ് മുഖസ്തുതി പറയുന്നവർ.

# മലിനീകരണം



മാളോരേ നാം പിറവിയെടുത്തത്
തെളിനീരുറ്റി കുടിച്ചുവളർന്നത്
'വാഴ' കാടായ് വളർന്നു പൊന്തിയ
വാഴക്കാട്ടിൽ തന്നെ.
അമൃതുകണക്കെ ഒഴുകീയങ്ങനെ
അറബിക്കടലിനെ പൂകുന്നൊരു
ചാലിയാറിൽ സഹചാരികളാം
വില്ലൻമാരിവരാരെന്നോ?
പ്ലാസ്റ്റിക്കെന്നൊരു കൂട്ടുകാരൻ
സാങ്കേതികതയുടെ നാട്ടുകാരൻ
പ്രാചീനതയുടെ പ്രാകൃതികതയുടെ
തെളിജലത്തിൽ വിഷമിട്ടു.
മർത്യനവൻ തൻ മായയ്ക്കങ്ങനെ
വികസനമെന്നൊരു പേരിട്ടു.
ഡങ്കുവിനേയും ഫ്ളനിയയേയും
മാനവ നാടിനു സമ്മാനിച്ചു.
മാളോരെ നാം സംഘടിക്കുക
ചവറുപെറുക്കുക
നൻമയിലേക്ക് നയിക്കുക.

# പ്ലാസ്റ്റിക് എന്ന വില്ലൻ

മനുഷ്യ ജീവിതത്തിന്റെ അഭിവാജ്യഘടകമാണ് പ്ലാസ്റ്റിക് ഉപകരണങ്ങൾ.ജീവൻ നിലനിർത്താനും ജീവിതം മെച്ചപ്പെടുത്താനും പ്ലാസ്റ്റിക് കൂടിയേ തീരൂ.പക്ഷേ , മലിനീകരണത്തിന്റെ പേരിൽ ഏറ്റവും പഴികേൾക്കുന്നതും



പ്ലാസ്റ്റിക് തന്നെ. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കൂടിവരുന്ന ഈ കാലഘട്ടത്തിൽ പ്ലാസ്റ്റിക്കിനെ കുറിച്ചുള്ള വിവരണമാണ് ഡോ.കെ ഗിരീഷ് കുമാറിന്റെ "പ്ലാസ്റ്റിക് കഥയും കാര്യവും"എന്ന പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത്.

എന്താണ് പ്ലാസ്റ്റിക്കുകൾ,പ്ലാസ്റ്റിക് സംസ്കരണം,പ്ലാസ്റ്റിക്കിന്റെ ഉപയോഗങ്ങൾ, തെർമൊസെറ്റിംഗ് പ്ലാസ്റ്റിക്കുകൾ തുടങ്ങി, പുതിയ കാലഘട്ടത്തിൽ പിടിമുറിക്കിയിട്ടുള്ള പ്ലാസ്റ്റിക്കുകളെക്കുറിച്ച് അറിവ് തരുന്ന ആധികാരിക റഫറൻസ് പുസ്തകമാണ് ഡോ.കെ ഗിരീഷ കുമാറിന്റേത്.

# കിനാവ്



ഞെട്ടറ്റു വീണപൂവിനും
പറയാനുണ്ടേറെ,
ഓരോ തളിരിലും
പൂവരും കായ് വരുമെന്ന്
കൊതിച്ച് രാവേറെയാവും വരെ
കാത്തിരുന്ന
ദിനങ്ങളെക്കുറിച്ച്...
ആറ്റുനോറ്റു വിരിഞ്ഞ
പൂമൊട്ടിൽ സ്വപ്നം വിരിയിച്ച
പുലരികളെക്കുറിച്ച്
ഞെട്ടറ്റു വീണ കിനാക്കളിൽ
തലതല്ലിക്കരഞ്ഞ
രാവുകളെക്കുറിച്ച്..
ഓരോ ഇതളും തലോടിയവൻ
ചവിട്ടിയരച്ച് നടന്നുപോയ
നിമിഷങ്ങളെക്കുറിച്ച്...
ഒടുവിൽ
പൂവായിരുന്നവൾ
പുഴുവായിത്തീർന്ന
പരിണാമത്തെക്കുറിച്ച്....
പൂമ്പാറ്റയായി പുനർജനിക്കുമെന്ന്
നെയ്തുകൂട്ടിയ കിനാക്കളെക്കുറിച്ച്....

# MATHILUKAL

Mathilukal (meaning walls) is a malayalam novel written by Vaikom Muhammed Basheer in 1965. it is one of the most cherished and well known love stories in malayalam. Its hero, Basheer himself, and heroine,Narayani, never meet, yet they love each other passionately despite being imprisoned and separated by a huge wall that divides their prisons. the two romance each other.

Theme:-The theme of the novel,focusses the love between Basheer and a prisoner and a female inmate of the prison ,who remains unseen through out the novel in Mathilukal,though the broad frame in autobiographical and the narration is first
person,the details seem to contain sprinkles of fantasy

# OUR KERALA

Kerala,the state of india was formed long after Indian independence on 15 auguest 1947. priar to that date it was 3 independent provinces named malabar, cochin and travancore.


Malabar forms the northern territories with thalasseri is a small cannanore and kasargod with a ting pocket-hand kachief french possession of mahe. This area belonged to what was once called the madras precidency under the british. The middle section is formed by the pricely state of cochin the third southern territory comprises travancore another princely state.

A popular movement known as aikya kerala for the formation of state of kerala gave an impetus to the recognition of the state on a linguistic basis.

# AMERICAN  PROVERBS

## അമേരിക്കൻ പഴഞ്ചൊല്ലുകൾ

A man cannot dring and whistle at the same time.
ഒരേ സമയത്ത് കുടിക്കാനും ചൂളം വിളിക്കാനും ഒരാൾക്കാവില്ല.




A mouse must not think to cast a shadow like an elephant.
ഒരു ആനയെപ്പോലെ നിഴൽ വീഴ്ത്തിക്കളയാമെന്ന് ചുണ്ടെലി ചിന്തിച്ചുപോകരുത്

A thief knows a thief as a wolf knows a wolf.
ഒരു ചെന്നായ ചെന്നായയെ തിരിച്ചറിയുന്നത് പോലെ ഒരു കള്ളൻ മറ്റൊരുകള്ളനെ തിരിച്ചറിയുന്നു

Great strokes make not sweet music.
ശക്തിയായ മീട്ടൽ മധുരമായ സംഗീതമുണ്ടാക്കുന്നില്ല

Happiness  lies in turning over lemons into lemonade.
ചെറുനാരങ്ങയെ  ചെറുനാരങ്ങ നീരാക്കുന്നതിലാണ് സന്തോഷംകുടികൊള്ളുന്നത്

He loses his thanks who promises and delays.
വാഗ്ദാനം വൈകിപ്പിക്കുന്നവന് നന്ദി നഷ്ടമാകുന്നു.

He that gains well and spend well needs no account  book.
നന്നായി സമ്പാദിക്കുകയും നന്നായി ചെലവഴിക്കുകയും ചെയ്യുന്നവന് അക്കൗണ്ട് ബുക്ക് ആവശ്യമില്ല.

# <u>CHILDREN'S DAY QUOTES</u>




1-children are like buds in a garden and should be
carefully and lovingly nurtured as they are the future of the nation and the citizens of tomorrow

- *JAWAHARLAL NEHRU*

*2- If we wish to create a lasting peace we must begin with the children.*

*-MAHATMA GANDHI*

*3-Children have never been very good at listening to their elders,but they have never failed to imitate them.*

*-JAMES A.BALDWIN*

*4-Let us sacrifice our today so that our children can have a better tomorrow.*

*-A.P.J. ABDUL KAIAM*

*5-We worry about what a child will be come tomorrow, yet we forget that he is someone today.*

*-STACIA TAUSCHER*

# AALAHAYUDE PENMAKKAL




It is a malayalam novel written by Sarah Joseph and published in 1999. the novel is the first in the trilogy which includes' mattathi'as 'othappu' this novel gave widespread recognition to Sarah Joseph and her craft. Alahayade penmakkal 'won the kerala sahitya academy award of 2001' kendra sahitya academy award of 2003 and vayalar ramavarma award of 2004. the novel deals with the condition of marginalizes groups in society pointed out as subattners by Marxist Antonio gramsci. The living and existential conditions of these groups are seldom acknowledged by the society at large and generasly they are displaced from their seldom a know ledged by the society at large and generally livelihoods, as usallg in the name of development and change.this transformation in their existential. Struggle is narrated by annie, the central character, who gives voice to three generation of her subaltern group albeit with a feminine perspective.

# Best
# QUOTES

A NOBLE DEED IS A STEP TO WARD GOD
(J.J HOLENCE)

PUSH ON,KEEPMOVING
(THOMAS MOLTEN)

HE WHO CONSIDERS TOO MUCH WILL PERFOME LITTLE
(SHILLER)

GOODS BEEDS RING CLEAR THROUGH HEAVEN LIKE A BELL
(RIKTER)

A WEAK A RISE OR BEFORE EVER FALL
(MILTON)

# അറിഞ്ഞിടുന്നു ആ സ്നേഹമിപ്പോൾ



ഭൂമിതൻ മാറിൽ പിറന്നിറങ്ങി
നാം
ഭോജ്യവും സ്നേഹവും
തന്നിലേന്തി

ആ അമ്മ തൻ കൈകൾ പിഴുതെറിഞ്ഞു-
അത്യാഗ്രഹിയായ് മനുഷ്യൻ നാം
സ്നേഹം പരത്തുന്ന ദീപമെല്ലാം
ഓരോ വെട്ടവും ജ്വലിച്ചിരുന്നു
ക്രോധാഗ്നിയിൽ വെന്തുരുകിയമ്മ
കൊടുങ്കാറ്റും ഇടിയും മഴ ചൊരിഞ്ഞു
കോപിച്ചിടുന്നു അമ്മയിപ്പോൾ
അമ്മതൻ സ്നേഹം ഞാനറിഞ്ഞിടുന്നു....

## _തപാലിന്റെ കഥ

തപാലില്ലാത്തൊരു ജീവിതം ചിന്തിക്കാനാവുമോ?അതിനെന്താ ഞങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യം ഉണ്ടല്ലൊ എന്തായിരിക്കുംമറുപടി.ഇ-മെയിലും ചാറ്റിങ്ങുമൊക്കെയായി ലോകം നമ്മുടെ വിരൽത്തുമ്പിലേക്കു ചുരുങ്ങിയിരിക്കുന്നു.എങ്കിലും കത്തിനും ഗ്രീറ്റിങ് കാർഡിനുമെല്ലാം ഇപ്പോഴും



© Can Stock Photo - csp8775202

പ്രധാനമുണ്ട്.തപാൽ സമ്പ്രദായത്തിന്റെ തുടക്കം എങ്ങനെയായിരുന്നു?ഇതിനു വ്യക്തമായ ഉത്തരവില്ല. പ്രാചീന ഈജിപ്പത്‍ അന്നത്തെ ആളുകളുടെ പ്രധാന വരുമാത മാർഗം കൃഷിയും വ്യാപാരവും കാലിവളർത്തലും മീൻപിടിത്തവുമൊക്കെയായിരുന്നു .ചൈനയിലെ"ചൂര"രാജവംശകാലത്ത് ഉത്തരവുകൾ കൈമാറുന്നതിന് കുതിര സവാരിക്കാരായ ദൂതന്മാരെ ഉപയോഗിച്ചിരുന്നു.

# *MY FLIGHT EXPERIENCES*

In the time of $7^{th}$ vacation.i went to saudi arabia for ummrah in flight. I got a lot of experiences in the flight.when i enterd into the flight .it was a amazing feeling different from other feelings two air hostess came and welcomed  me with a cute smile.Then i searched and found seats according to seat number.air hostess in formed to put seat belts.after some times air hostess gave headset to all passengers to wear in the time of take off all passengers have television in the back side of the opposite seat television so many films,songs and games I can it believe it an aeroplane wing was long sized.when i saw in the sky its size like
of my fingers.so many seats are in the flight I think more than 200 seats it was divided into three classes one is business class.second and third class business class is a vip class .In the time of takeoff pilot and two airhostess informed to sit in seats and wear seat belts after takeoff. I looked down.I saw

houses,hill,buildings like size of ants .Then I saw the expanded sea like a milk sea.Then airhostess gave food in the food menu have rice chiken ,and a desert they gave me water and cooldriks to drink. After some time. Llookedthrough the window isaw a bundie of cloud like a cotton. Then i looked up there also have a bundled of cloud. that time I thought my journey was in the between two bundle of cloud . Air hosters were very friendly guys. They looked son cute their hair and uniform also looked very nice . I spent lot of time in the flight through the games , and see the films . I cannot forget this all experience because its my first flight experience in my life.

# മറക്കാനാവാത്ത യാത്ര

യാത്രകൾ നമുക്ക് പല അറിവുകളും,ചിന്തകളും തരുന്നു.ഓരോ യാത്രകളും മനസ്സിൽ നിഴലുപോലെ പതിഞ്ഞിരിക്കുന്നു.യാത്രകളും നമുക്ക് രസകരം മാത്രമല്ല മറ്റുള്ളവരുടെ ജീവിതസാഹചര്യം നാം അറിയുന്നു.അങ്ങനെ എന്റെ മനസ്സിൽ എന്റെ ജീവിതം എങ്ങനെ എന്നു പഠിപ്പിച്ച ഒരിയാത്രാനുഭവമാണ് ഞാൻ പറയുന്നത് .കോഴിക്കോട് എന്നു പറയുമ്പോൾ നമ്മുടെ മനസ്സിൽ തെളിയുന്നത് നല്ല വിശാലമായ മനസ്സുള്ളഅമ്മയാവുന്ന കടൽ , കാർണിവൽ , സർക്കസ്, നക്ഷത്രബംഗ്ലാവ് അങ്ങനെ പലതും .നാം അതിൽ നിന്ന് നേടുന്നത് അറിവുകൾ തന്നെയാണ്.J.R.C വിദ്യാർത്ഥിനികളും മറ്റു കുട്ടികളും ചേർന്ന് ഒരുക്കിയ കോഴിക്കോട് നഗരത്തിലേക്കുള്ള യാത്രയിൽ ഞങ്ങൾ കാണാൻ തീരുമാനിച്ചത് വൃദ്ധസദനം മേഴ്സി ഹൗസ്,മാനസികമായി ബാധിച്ചകുട്ടികളേയും കാണാൻ പോവുക എന്നിങ്ങനെയാണ്.രാവിലെ 10 മണിക്ക് പുറപ്പെട്ടു.ബസ്സിൽ വളരെ പരിമിതമായ ബസ്സിൽ നാൽപത്തിഅഞ്ചാം വിദ്യാർത്ഥിനികളും ഒത്തൊരുമിച്ച് സന്തോഷത്തോടും സൗഹൃദത്തോടും യാത്രയായി.ആദ്യം ഞങ്ങൾ ഒത്തു കൂടിയത് മേഴ്സി

ഹൗസിലാണ്.അവിടെ അനാഥരായ മുത്തച്ഛമ്മാർ മാത്രമായിരുന്നത്.ഞങ്ങളെ അവർ പറഞ്ഞറിക്കാനാവാത്ത സന്തോശത്തോടെയാണ് സ്വീകരിച്ചത്.അവരുടെ സന്തോഷവും സ്നേഹവും കണ്ടാൽ നാം ഏതോ ദേവദകളാണെന്ന് തോന്നിപ്പോവും അവരവരുടെ ചുറ്റുപാടുമായി ആനാലു മൂലകളിലും ഒതുങ്ങുന്നവർക്ക് ഞങ്ങളെ കണ്ടപ്പോൾ അവരുടെ മനസ്സ് ഉണർന്നു .കുറച്ചു നേരം ഞങ്ങൾ അവരുടെ ലോകത്തിലേക്കു ചെന്നുപ്പായി.പാട്ടുപ്പാടിയും വർത്തവാനങ്ങൾ ചോദിച്ചും അവിടെ ഒരു സ്വർഗവാക്കി. ഞങ്ങൾ പോവാന്നേരത് അവൾക്കു ഞങ്ങൾ കൊണ്ടു വന്ന വസ്ത്രം സമ്മാനിച്ചു അതുകിട്ടിയപ്പോൾ അവിടെ നിന്നു പരിചയപ്പെട്ട ഗോ പാലേട്ടന്റെ കണ്ണു നിറഞ്ഞു. അവർ പോവാൻ നേരത്തു പറഞ്ഞ വാക്കുകളാണു എന്നെ തളർത്തിയത്.

"നിങ്ങൾ വരണം ഓണക്കാലത്ത് ഞങ്ങളോടോപ്പം ഒരു സദ്യയുണ്ണാൻ ഓണപ്പൂകളമിടാൻ പാട്ടുപ്പാടാൻ" . എന്നു പറഞ്ഞു വയസ്സായവർക്കു പ്രിയം കൂടുതൽ കുട്ടികളോടാണ് ഈ വാക്കുകളിൽ നിസ്സഹായ അവസ്ഥ അറിയുന്നു . കുട്ടികളൊത്ത് കളിക്കാനും അവരോടൊത്തു കഴിയാനുള്ള ആഗ്രഹവും അവരുടെ ഒറ്റപ്പെടലും ഇതിൽ വ്യക്തമാവുന്നു.അവിടെ നിന്നും

ഇറങ്ങി ഞങ്ങൾ മാനസികമായി തളർന്ന കുട്ടികളെ കാണാൻ പോയി അവിടെ അവരെ കാണുമ്പോൾ ഒന്നു മനസ്സിലാക്കുന്നു നാം എത്ര ഭാഗ്യവാന്മാരാണെന്ന സത്യം അവിടെ ഞങ്ങൾ കണ്ടത് വളരെ ദയനീയമായ കാഴ്ചകളാണ്. ഒരുപറ്റം കുട്ടികെളയാണ് കണ്ടത് മാതാപിതാക്കളുടെ സ്നേഹവും വാത്സല്യവും അറിയാതെ ഒരു സെല്ലിനുള്ളിൽ കഴിയുന്നവർ അവരെ സമൂഹം പോലും ഒഴിവാക്കിയവരാണ് ഈ കാഴ്ചകൾ എന്റെ മനസ്സിൽ വളരെ അർഥമുള്ളവയാകുന്നു.പിന്നെ ഉച്ചതിരിഞ്ഞു പോയതവ്യൃദ്ധസദനം സന്ദർശിക്കാനാണ്. ജീവിതം പാതിയേറെ മക്കൾക്കുവേണ്ടി ജീവിച്ച പിന്നെ അവർ ഒറ്റപ്പെട്ടു മാറുന്ന നിമിഷമാണുള്ളത് സമൂഹം വളരെ താഴേക്കു മാറുന്നു.അവർ ഓരോരുത്തരുടേയും കഥകൾ വ്യത്യസ്തമാണ്.ഇങ്ങനെയും നമ്മുടെ സമൂഹത്തിൽ ഉണ്ടല്ലോ എന്നോർക്കുമ്പോൾ വളരെ ലജ്ജതോന്നുന്നു.അവരുടെ സങ്കടങ്ങളിൽ നിന്ന് ഒന്നകറ്റി പാട്ടും കളികളുമായി ഞങ്ങൾ പടിയിറങ്ങി.ഈയാത്രയിൽനിന്നാണ് ജീവിത മൂല്യങ്ങളും,മാതാപിതാക്കളുമായുള്ള ബന്ധവും, ,സാമൂഹിക ജീവിതവും ഞാൻ പഠിച്ചത്.

# Journey of Memmories

Journey is bigfunny.many knowledge is to got through journey . My journey was also this type my mysoor trip . To achieve This journey caught many memories . That was unforgettable .

The trip is started from vayanadan nature beauty. Then view of chamundi was profundity. It touched my heart .then visited christian mosque and tipps palace .it was very attractive . The history woke up my my mind when I saw cloth ,sword of tippusulthan and many historical monuments .

After ,we reached the zoo. I saw many animals and birds like verities of monkeys ,lion, tiger , deer , bear ,zebra , peacock peahen,etc.....that was a fantastic moment.

Vrindavanam garden was wonderful,excellent ! I saw a spring season that is heaven . Even now all views to entice with happy in my mind.

# സ്നേഹസൗഹാർദം

ഇണപിരിയാത്ത കുരുവികളെപ്പോലെ,
മധുരം നുണയുന്ന ജീവിതം
പൊട്ടാത്തചരടായി മാറുന്ന ജീവിതം.
മധുരഓർമ്മകൾ നുണയുന്ന,
പൂമ്പാറ്റയെ പ്പോലെ,
പാറിക്കളിക്കുന്നൊരാക്കാലം.
കളകളാരവം മുഴക്കി മനസ്സിൽ,
ഒഴുകുന്ന  ആ ഓർമ്മകൾ
കരളിന്റെ കരളായ അവളെ പിരിയുവാൻ,
കഴിയില്ല ഇനിയൊരു ജന്മവും.
തളിരിട്ടു മൊട്ടിട്ടു പൂവായി വിരിയുന്ന,
സ്നേഹമലരുകൾ സാക്ഷി,
സ്നേഹസൗഹർദ്ദത്തണലിൽ തളിരിടുന്ന,
രണ്ടു മുത്തുകളാണു ഞങ്ങൾ.
ആദ്യാക്ഷരം നുണയാൻ,
പടിവച്ചു കയറുമ്പോൾ.
മനസ്സിൽ കയറിയൊരാച്ചിത്രം
അതവളുടെ അമ്പിളിച്ചേലുറ്റ
ആനനം.
ഇരുളിൽ വെളിച്ചമായ്,
അവളെന്റെ കൂടെ
എന്നുമെൻ ഉള്ളിൽ നിലനിൽക്കുന്നു.

## മറക്കാത്ത ഒരു യാത്ര

കണ്ണൂരിലേക്ക്പോയ യാത്ര അടിപൊളിയായിരുന്നു 6 മണിക്ക്ഞങ്ങൾ സ്കൂളിൽ നിന്ന് പുറപ്പെട്ടു. പാട്ടും ഡാൻസുമൊക്കെയായിട്ടായിരുന്നു യാത്ര ആദ്യം ഞങ്ങൾ പോയത് കാപ്പാട് ബീച്ചിലേക്കായിരുന്നു.വാസ്കോഡഗാമ കപ്പലിറങ്ങിയ സ്ഥലമായിരുന്നു കാപ്പാട് ബീച്ച് .അവിടെ നിന്ന് പ്രാതൽ കഴിച്ചു. പിന്നെ ഞങ്ങൾ തിരത്തേക്ക് പോയി.തിരകൾ ആർത്തിരമ്പി വരുന്നുണ്ടായിരുന്നു.വലവീശാൻ കടലിൽ പോയ മീൻപിടുത്തക്കാരേയും കണ്ടു.വിശാലമായി പരന്നുകിടക്കുന്ന കടൽ കാണാൻ നല്ല രസമാണ്.അവിടെ ഞങ്ങൾ മദാമ്മയേയും സായിപ്പിനേയും കണ്ടു. അവിടെ നിന്ന് പുറപ്പെട്ട് ഞങ്ങൾ പോയത് അറയ്ക്കൽ കൊട്ടാരത്തിലേക്കാണ്.അവിടെ അറയ്ക്കൽ

രാജവംശത്തിന്റെ വിവരങ്ങളുടെ ഒരു പട്ടിക കണ്ടു .പിന്നെ അവിടുത്തെ പുരാതനവസ്തുക്കളും അവർ ഉപയോഗിച്ച വസ്തുക്കളും കണ്ടു.പിന്നീട് ഞങ്ങൾ സ്നേക്ക് പാർക്കിലേക്ക് പോയി.അവിടെ നിറയെ സന്ദർശകരായിരുന്നു. നിറയെ പാമ്പിനെ ക്കൂടുകളിലാക്കിയത്കണ്ടു. പിന്നെ മുള്ളൻപന്നി,മരപ്പട്ടി അങ്ങനെയുള്ള മൃഗങ്ങളെ കണ്ടു. പക്ഷികളെയു കണ്ടു. അവിടെ നിറയെ മത്സ്യങ്ങളുണ്ടായിരുന്നു . ചില മത്സ്യങ്ങളുടെ പേര് ഞങ്ങൾക്കറിയില്ലായിരുന്നു . അവിടെ നിന്ന് ഞങ്ങൾ പുറപ്പെട്ട് പോയത് കണ്ണൂർ കോട്ടയിലേക്കാണ് . ബ്രിട്ടിഷുകാരുണ്ടാക്കിയ ഒരു വലിയ കോട്ടയാണ് കണ്ണൂർ കോട്ട. അതിന്റെ പല വശത്തായി പിരങ്കികളുണ്ടായിരുന്നു.ചില ഭാഗത്ത് ജയിലും. അവിടെ ഒരു പുൽപരപ്പുണ്ടായിരുന്നു. അതിൽ പലമരങ്ങളും . വേസ്റ്റ് കത്തിക്കാനായി ഒരു ഗുഹപോലത്തെ സ്ഥലവും ഇരിക്കാനായി ബെഞ്ചും ഉണ്ട്. വലിയ മരങ്ങളും ഉണ്ട്. അവിടെയും പല സ്കൂളിൽ നിന്ന് വന്നകുട്ടികളും

ഉണ്ടായിരുന്നു.വലിയ മതിലുകൾ കൊണ്ട് നിറഞ്ഞതായിരുന്നു കണ്ണൂർ കോട്ട. അവിടെ നിന്ന് പല ഫോട്ടോയും എടുത്തു. പിന്നീട് ഞങ്ങൾ പോയത് വിസ്മയപാർക്കിലേക്കായിരുന്നു. അവിടെ യെത്തിയപ്പോൾ ഉച്ചയായിരുന്നു. ഞങ്ങൾ ഭക്ഷണം കഴിച്ച് പല റൈഡുകളിലും കയറി. അവസാനം ഞങ്ങൾ വെള്ളത്തിലുള്ള റൈഡുകളിൽ കയറിയത്. വെള്ളത്തിലുള്ള റൈഡ് നല്ലരസമായിരുന്നു. വെള്ളത്തിൽ രണ്ടുമണിക്കൂറോളം കളിച്ചു. പലരും പല റൈഡിലായിരുന്നു. തിരിച്ച് ഞങ്ങൾ നാട്ടിലേക്ക് പോന്നപ്പാൾ നേരം ഏറെ വൈകിയിരുന്നു. തിരിച്ചുപോരുന്ന വഴിക്ക് ഒരു റെസ്റ്റോറന്റിൽ കയറി ഭക്ഷണം കഴിച്ചു.പോകുമ്പോൾ ടീവിയിൽ ഫിലിം കണ്ടു. തിരിച്ച് വീട്ടിലെത്തിയപ്പോൾ സമയം ഏറെ വൈകിയിരുന്നു.ഈയാത്ര മറക്കാത്ത ഒരു അനുഭവമാണ്.

# വാർദ്ധക്യ പ്രശ്നങ്ങൾ

വർത്തമാന കാലം ചർച്ച ചെയ്യപ്പെടുന്ന വിഷയവൈവിധ്യങ്ങളിൽ ഒന്നാണ് വാർദ്ധക്യ പ്രശ്നങ്ങൾ. ജീവിത കാലയളവിൽ ബാല്യവും കൗമാരവും യൗവനവും പോലെത്തന്നെയാണ് വാർദ്ധക്യം എന്ന യാഥാർത്ഥ്യം എന്ന് നാം മറന്നു പോകുന്നു.

അതാണ് വാർദ്ധക്യം ഒരു പ്രശ്നമായി സമൂഹത്തിന് തോന്നുന്നത്.

പ്രശസ്ത കവി തിരുനെല്ലൂർ കരുണാകരൻ പാടിയ പോലെ

"തല നരയ്ക്കുവതല്ലെന്റെ വൃദ്ധത്വം തല നരയ്ക്കാത്തതല്ലെൻ യുവത്വവും"....എന്നാണ് പറയേണ്ടത്. വാർദ്ധക്യം മനസിന് ഏൽക്കാത്തിടത്തോളം നാം വൃദ്ധരല്ല.

കൂട്ടുകാരെ, ഇന്നു ഞാനാണെങ്കിൽ നാളെ നീയാണ്! ഒരിക്കലും പഴുത്തയില വീഴുമ്പോൾ പച്ചയിലയായി നാം ചിരിക്കരുത്.വാർദ്ധക്യത്തെ നാം സ്വീകരിക്കണം..... ഭയന്നോടുകയരുത്.

പുരാണത്തിലെ യയാതിയെപ്പോലെ വാർദ്ധക്യം ഒരു ശാപമായി കാണരുത്.
അനുഭവങ്ങൾ കൊണ്ട് സമ്പന്നമായ വാർദ്ധക്യം ഒരു പുണ്യമാണ്.

മുത്തച്ഛനും മുത്തശ്ശിയും ചുമരിലെ ഫോട്ടോയിൽ പോലും അപ്രത്യക്ഷമാവുമ്പോൾ ഓർക്കുക നമ്മുടെ കുടുംബങ്ങൾക്ക് നഷ്ടമാകുന്നത് അനുഭവങ്ങളുടെ ഒരു വലിയ സമ്പാദ്യമാണെന്ന കാര്യം. പുതിയ തലമുറയുടെ എത് സംശയങ്ങൾക്കും സ്വാനുഭവത്തിൽ ചാലിച്ച് ഉത്തരം നല്കാൻ പ്രായമേറിയ ആളുകൾക്ക് കഴിഞ്ഞിരുന്നു.കാലാന്തരത്തിന്റെ എടുത്തുചാട്ടമല്ല ആ ഉത്തരങ്ങൾക്ക് പകിട്ടു നൽകുന്നത്, സ്നേഹത്തിന്റെയും പഴമയുടെയും പൈതൃകമാണ്. പുതിയ തലമുറയ്ക്ക് വഴികാട്ടികളാണ് ഓരോ കുടുംബത്തിലെയും മുത്തശ്ശി മുത്തച്ഛന്മാർ.

ജീവിത കാലയളവിൽ ബാല്യത്തിന്റെ തുടക്കത്തിലേക്ക് വീണ്ടും നമ്മെ മുട്ടുകുത്തിക്കുന്ന ഒരു ഘട്ടമാണ് വാർദ്ധക്യം. അല്ലാതെ തലനാരിഴയിൽ വെള്ളയുടെ സൂചിതം കാണുമ്പോൾ ഭയന്നു

പിൻമാറേണ്ടതല്ല ഇത്.

ഒറ്റപ്പെടലിന്റെയും അവഗണനയുടെയും ശാപ ജീവിതം പേറേണ്ടവരായി വൃദ്ധരെ മാറ്റുകയാണ് പുതിയ തലമുറ. ഓർക്കുക! വാർദ്ധക്യത്തിലെ അസ്തമയ സൂര്യനാണ് പകിട്ടു കൂടുതലെന്നും ,ഉദയം തൊട്ട് ജ്വലിച്ചതിന്റെ അനുഭവസാക്ഷ്യം അതിനുണ്ടെന്നുമുള്ള കാര്യം.

ഇന്ന് കേരളം വൃദ്ധസദനങ്ങളാൽ സമൃദ്ധമാണ്. കാരണം തലമുറകൾ തോറും വൃദ്ധരെ വലിച്ചെറിയാനുള്ള ഇടമായി വൃദ്ധമന്ദിരങ്ങളെ നിർവചിച്ചിരിക്കുന്നു

മുത്തശ്ശിക്കഥ കേൾക്കേണ്ട കുഞ്ഞിനെ മുത്തശ്ശിയിൽ നിന്നകറ്റി കൊച്ചു ടി വി യിലേക്കും കമ്പ്യൂട്ടർ ഗെയിമുകളിലേക്കും വഴിതിരിച്ചുവിടുമ്പോൾ കുഞ്ഞു ലോകത്തിന് നഷ്ടമാകുന്നത് അറിവിന്റെ ചെപ്പു കുടങ്ങളാണ്.

"മനസ്സിന് വാർദ്ധക്യം ബാധിക്കാത്തിടത്തോളം കാലം ഒരു മനുഷ്യൻ യൗവനത്തിൽ നിന്ന് മോചിതനാവില്ല " .എന്നാണ് ശ്രീ നാരായണ ഗുരു പറഞ്ഞിട്ടുള്ളത്.ജരാനരകൾ ബാധിച്ച മനുഷ്യ മനസ്സാണ് മാറേണ്ടത്.

അതു കൊണ്ട് സമൂഹബോധമാവണം വൃദ്ധസംരക്ഷണംഅതൊരു ഔദാര്യമല്ല, വിശാലമനസ്കതയുടെ സാന്ത്വനമാണ്. എല്ലാവരിലും ഒരു വൃദ്ധനുണ്ട്. ജീവിതത്തെ താൻ ജീവിച്ചോ എന്ന് ഒന്നുകൂടി വിലയിരുത്താൻ ഈശ്വരൻ കനിഞ്ഞു തരുന്ന ജീവിതഘട്ടം' അതിനെ സ്നേഹത്തോടെ സ്വീകരിക്കുക സ്വാഗതം ചെയ്യുക

# J.R.C വിദ്യാർത്ഥി വിദ്യാർത്ഥിനികൾ



# Scout വിദ്യാർത്ഥികൾ



# NMMS വിജയികൾ







# നിങ്ങൾ CCTV നിരീക്ഷണത്തിലാണ്



'ശാസ്ത്ര-2019' ഐ.ഐ.ടി മദ്രാസിൽ വെച്ച് നടന്ന റോബോട്ടിക് പ്രീമിയർ ലീഗ് -എട്ടാമത് എഡിഷൻ നാഷണൽ ലെവൽ മത്സരത്തിൽ സീനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ മുഹമ്മദ് റാഷിൻ,അനന്തഭദ്രൻ എന്നിവർ



# ട്രോമാ കെയ്ർ പരിശീലനം



# NMMS പരിശീലനം



# Library



# പഠനോത്സവം



# വാഖ് ധന സമാഹാരം-രണ്ടാം സ്ഥാനം




# മാപ്പിളപ്പാട്ടിൽ ജില്ലാ സെലക്ഷൻ നേടിയ മുഹമ്മദ് ഫായിസ്



# പിൻമൊഴി

സുരഭിലമായ കുഞ്ഞു സ്വപ്നങ്ങൾ കടഞ്ഞെടുത്ത
രചനകൾക്ക് ഇവിടെ അർദ്ധവിരാമം
കുറിക്കുന്നു. ചിന്തയിൽ ഒരു നറുങ്ങുവെട്ടം
തെളിയിക്കാൻ 'അക്ഷരദീപത്തിന്' കഴിഞ്ഞെങ്കിൽ
ഞങ്ങൾ ധന്യരായി. ഈ ഉദ്ധ്യമത്തിൽ
പിൻവഴികളിലും മുൻവഴികളിലും നിന്ന്
സഹകരിച്ചവർക്ക് ഹൃദയം നിറഞ്ഞ നന്ദി........

എഡിറ്റോറിയൽ ബോർഡ്

Edit work in progressing................






*Created by*

*Little kites club*